പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 4775 — 28.06.2013 ൽ മറുപടിയ്ക്ക്

## കില-യെ കൽപ്പിത സർവ്വകലാശാലയാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാലോട് രവി<br>ശ്രീ. എം. പി. വിൻസെന്റ്<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ലൂഡി ലൂയിസ് | **ഡോ. എം.കെ. മുനീർ<br>(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| എ) 'കില' കൽപ്പിത സർവ്വകലാശാലയാക്കുന്നതുമൂലം എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | എ) 'കില' കൽപ്പിത സർവ്വകലാശാലയാക്കുന്നതുമൂലം താഴെ പറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കാനാണ് ഉദ്ദേശിക്കുന്നത്.<br>1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഇന്ത്യയിലെ ആദ്യത്തെ യൂണിവേഴ്സിറ്റി ആയിരിക്കും ഇത്.<br>2. അധികാര വികേന്ദ്രീകരണത്തിലും വികേന്ദ്രീകൃതാസൂത്രണത്തിലും ഗവേഷണം, ആഴത്തിലുള്ള പഠനങ്ങൾ എന്നിവ നടത്തുക.<br>3. അധികാര വികേന്ദ്രീകരണവുമായി ബന്ധപ്പെട്ട അക്കാദമിക് കോഴ്സുകൾ ആരംഭിക്കുക.<br>4. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ട്രെയിനിംഗും മറ്റു പരിപാടികളും മെച്ചപ്പെട്ട രീതിയിൽ നടത്തുക.<br>5. പഞ്ചായത്ത് രാജ് സംവിധാനത്തെ ശക്തിപ്പെടുത്താൻ വേണ്ട പ്രൊഫഷണൽ ഗ്രൂപ്പിനെ സൃഷ്ടിക്കുക. |

ബി) ആയതിനുള്ള സാമ്പത്തിക സ്രോതസ്സ് എങ്ങനെ സ്വരൂപിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്;

ബി) ഇത് ഒരു കല്പിത സർവ്വകലാശാലയായി പ്രവർത്തിക്കുന്നതിനുള്ള സാമ്പത്തിക സഹായം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന ഗവൺമെന്റ്, കേന്ദ്ര ഗവൺമെന്റ്, യു.ജി.സി എന്നിവിടങ്ങളിൽ നിന്നും പ്രതീക്ഷിക്കുന്നു.

സി) വികേന്ദ്രീകരണ ആസൂത്രണത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് ആയതുമൂലം കൈവരുന്നത്; വിശദാംശം ലഭ്യമാക്കുമോ?

സി) വികേന്ദ്രീകൃതാസൂത്രണത്തിൽ താഴെ പറയുന്ന മാറ്റങ്ങൾ പ്രതീക്ഷിക്കുന്നു.

1. വർദ്ധിച്ച ജനപങ്കാളിത്തം
2. സാമ്പത്തിക വികസനവും സാമൂഹിക നീതിയും ലക്ഷ്യമിട്ടുകൊണ്ടുള്ള നൂതന പ്രോജക്ടുകൾ ഉണ്ടാക്കുന്നു.
3. വിഭവങ്ങളുടെ ഫലവത്തായ വിനിയോഗം.
4. പ്രകൃതി വിഭവങ്ങളുടെ കരുതലോടെയുള്ള വിനിയോഗം.
5. സുസ്ഥിര വികസനം യാഥാർത്ഥ്യമാകുന്നു.

സെക്ഷൻ ഓഫീസർ